(സി) മരണപ്പെട്ട ശശികുമാരൻ നായരുടെ കുടുംബത്തിന് 11-2-2000-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മുകളിൽ (ബി) യിൽ പറഞ്ഞിരിക്കുന്ന നടപടികൾക്കു പുറമേ എച്ച്. സി.റ്റി. 6413, പിരുമുഹമ്മദ് പി.സി.ബി. 7480 മുരളീധരൻ, പി.സി.റ്റി. 9346 സുരേഷ്കുമാർ എന്നിവർക്കെതിരെ വാചകീയ അന്വേഷണം നടത്തുന്നതിന് എ.സി. നർക്കോട്ടിക് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണം

95 (3285) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം വില്ലേജിൽ അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) 15-11-1992-ൽ ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ഭാസ്കരനെ കുറയേടത്ത് പറമ്പിൽ ജനാർദ്ദനൻ സ്ഥലകച്ചവടത്തിന്റെ കാര്യം സംസാരിക്കുന്നതിന് വിളിപ്പിച്ചുകൊണ്ടുപോയതിന് ശേഷമാണ് കാണാതായത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കേസന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ കണ്ടുപടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് മാള പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തി യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കരണങ്ങൾ

96 (3286) ശ്രീ ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. എ തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കാരങ്ങൾക്കും വർദ്ധനവിനും വേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് സേനയുടെ പ്രൊമോഷൻ, ശമ്പളവർദ്ധനവ് തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി മാത്രം ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) വനിതാ പോലീസ് ഉൾപ്പെടെ സംസ്ഥാനത്തെ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയുടെ നവീകരണത്തിനും മെച്ചപ്പെടുത്തലിനും പുതിയ ശ്രമങ്ങൾക്കുമായി 2000-2001 ലെ ബഡ്ജറ്റിൽ എന്തുതുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; 1999-2000 വർഷത്തിൽ ഇതിനായി ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-11-1998-ലെ ജി. ഒ. (പി) 3000/98 ഫിൻ പ്രകാരം പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതിനു പുറമെ പോലീസ് സേനാംഗങ്ങളുടെ സേവന വേതന വ്യവസ്ഥകളിൽ മറ്റു ചില പരിഷ്ക്കാരങ്ങളും വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പത്തുവർഷം സർവ്വീസുള്ള കോൺസ്റ്റബിൾമാരിൽ ബറ്റാലിയൻ, ആംഡ് പോലീസ്, ജനറൽ എക്സിക്യൂട്ടീവ് എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിലുള്ള പ്രൊമോഷൻ ടെസ്റ്റ് പാസ്സായിട്ടുള്ളവർക്ക് 4000-6090 എന്ന സ്കെയിലും പാസ്സാകാത്തവർക്ക് 3350-5230 എന്ന സ്കെയിലിലും ഹയർഗ്രേഡ് അനുവദിച്ചുകൊണ്ട് 24-11-1999-ലെ ജി.ഒ. (എം.എസ്.) 234/99/ ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 12-7-1999-ലെ ജി.ഒ.(പി) 1562/99/(27) ഫിൻ പ്രകാരം സബ് ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിലിൽ 4600-6000 രൂപയിൽ നിന്നും 5000-8150 രൂപ ആയി ഉയർത്തിയിട്ടുണ്ട്. 12-8-1997-ലെ ജി.ഒ (എം. എസ്) 235/97/ആഭ്യന്തരം പ്രകാരം തിരുവോണം, ബക്രീദ്, ക്രിസ്തുമസ് എന്നീ മൂന്നു അവധി ദിവസങ്ങൾ കൂടി പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ചു കൊടുക്കുകയും, കൂടാതെ പോലീസ് സേനാംഗങ്ങളുടെ ജോലിസമയം എട്ടുമണിക്കൂറാകുന്നതിന്റെ ഭാഗമായി 72 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലോക്കൽ പോലീസിന്റെ പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി 7-12-1996-ലെ ജി. ഒ. (എം.എസ്.) 222/96/ ആഭ്യന്തരം പ്രകാരം 1800 ഹെഡ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എയർപോർട്ടുകളിലെ സെക്യൂരിറ്റി, എമിഗ്രേഷൻ എന്നീ വിഭാഗങ്ങളിൽ 16-12-1996-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 233/96/ ആഭ്യന്തരം പ്രകാരം 3 സർക്കിൾ ഇൻസ്പെക്ടർമാർ, 1 വനിതാ സർക്കിൾ ഇൻസെപ്കടർ, 22 സബ് ഇൻസ്പെക്ടർമാർ, 5 വനിതാ

LIBRARY ARCHIVES Kerala Legislative Assembly

സബ് ഇൻസ്പെക്ടർമാർ, 8 ഹെഡ് കോൺസ്റ്റബിൾമാർ, 10 വനിതാ ഹെഡ് കോൺസ്റ്റബിൾമാർ, 31 കോൺസ്റ്റബിൾമാർ, 12 വനിതാ കോൺസ്റ്റബിൾമാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 9-1-1997-ലെ സർക്കാർ ഉത്തരവു നമ്പർ (എം.എസ്) 73/97/ആഭ്യന്തരം പ്രകാരം 150 കോൺസ്റ്റബിൾമാരുടെയും 30 ഹെഡ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 11-3-1997-ലെ സർക്കാർ ഉത്തരവ് പ്രകാരം ജോബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്കാഡിൽ 2 സി.ഐ., 6 എസ്.ഐ, 12 എച്ച്. സി., 10. പി.സി. എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് തൃശൂർ സായുധസേനയിലേക്ക് 29-3-97-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് രണ്ടു കമ്പനികൾ അനുവദിച്ചുകൊണ്ട് 1 ആർ.ഐ, 6 ആർ.എസ്.ഐ, 2 ആർ.എ.എസ്.ഐ, 42 എച്ച്. സി., 198 പി. സി, 12 സി.എഫ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2-2-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം സി.ബി.സി.ഐ.ഡി.യിലേക്ക് 6 ഡി.വൈ.എസ്.പി., 8 ഡി.ഐ., 12 ഡി.എസ്.ഐ., 3 എ.എസ്.ഐ., 32 എച്ച്. സി., 38 പി.സി., എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2-4-1998-ലെ സർക്കാർ ഉത്തരവുപ്രകാരം എസ്.ജി.സി.ഐ.ഡി.യിലേക്ക് 1 ഡി.ഐ.ജി., 1 എസ്.പി., 3 ഡി.വൈ.എസ്.പി., 15 സി.ഐ., 26 എസ്.ഐ., 66 എച്ച്.സി. എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഡി.ഐ.ജി, ഡി.വൈ.എസ്.പി., സി.ഐ. എന്നീ തസ്തികകൾ നിലവിലുള്ള അംഗസംഖ്യകളിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. പോലീസ് സേനയിൽ പ്രൊമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ സായുധസേനയിൽ 195 എച്ച്. സി. തസ്തിക എ. എസ്.ഐ. യുടേതായി ഉയർത്തുകയും, കൂടാതെ 22-2-2000-ലെ സർക്കാർ ഉത്തരവ് പ്രകാരം ലോക്കൽ പോലീസ് 200 എ.എസ്.ഐ. തസ്തികകൾ എസ്.ഐ തസ്തികയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(സി) പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം 25-ൽ നിന്നും 10%മാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ആദ്യപടിയായി 700 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 1-12-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം 3 പുതിയ ബറ്റാലിയൻ കേരള റൈഫിൾസ് രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

(ഡി) പോലീസ് സേനയുടെ നവീകരണത്തിനും മെച്ചപ്പെടുത്തലിനും പുതിയ ശ്രമങ്ങൾക്കുമായി 2000-2001-ലെ ബഡ്ജറ്റിൽ കേന്ദ്ര വിഹിതമായി 4,50,00,000 രൂപയും സംസ്ഥാന വിഹിതമായി 4,50,00,000 രൂപയും (മൊത്തം 9,00,00,000 രൂപ) നീക്കി വച്ചിട്ടുണ്ട്. 1999-2000 വർഷത്തിൽ ഇതിനായി 38,12,077 രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly